പോലീസ് വകുപ്പ്

കേരളം

**No.H1-14635/2023/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
✆04962523031
തീയതി.02-03-2024

**DO No. 161/2024/ഡി ആർ**

വിഷയം : അച്ചടക്ക നടപടി:- ശ്രീ.സുബ്രമണ്യൻ.എൻ (PEN 148160), ഗ്രേഡ് എ.എസ്.ഐ D 7203 എന്നവർക്കെതിരെയുള്ള വാക്കാലന്വേഷണം (H1/PR-04/2023/DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1)18/03/2023 തിയ്യതിയിലെ H1/14635/2023/DR നമ്പർ ഉത്തരവ്
2) പോലീസ് ഇൻസ്പെക്ടർ, പെരുവണ്ണാമുഴി പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) 03/10/2023 തിയ്യതിയിലെ H1/14635/2023/DR നമ്പർ നോട്ടീസ് (പി.ആർ മിനുറ്റ്സ് സഹിതം)
4) ശ്രീ.സുബ്രമണ്യൻ.എൻ ഹാജരാക്കിയ 19/10/2023 തിയ്യതിയിലെ മറുപടി
5) 01/01/2024 തിയ്യതിയിലെ H1/14635/2023/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) ശ്രീ.സുബ്രമണ്യൻ.എൻ ഹാജരാക്കിയ 18/01/2024 തിയ്യതിയിലെ മറുപടി

**ശ്രീ.സുബ്രഹ്മണ്യൻ.എൻ (PEN 148160), ഗ്രേഡ് എ.എസ്.ഐ D 7203** എന്നവർ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ 24/02/2023 തീയ്യതി ഉച്ചക്ക് 02.30 മണി സമയത്ത് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ നിന്ന് പെൻഷൻ പറ്റിപ്പിരിഞ്ഞുപോകുന്ന സബ് ഇൻസ്പെക്ടർ രഘുവിന് നൽകുന്ന യാത്രയയപ്പ് ചടങ്ങിൽ പങ്കെടുക്കുന്നതിനായി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ എത്തിയ ടി സ്റ്റേഷനിലെ എസ്.ഐ ശ്രീമതി. ജയകുമാരിയുടെ ഭർത്താവ് സുരേഷ് എന്നയാളോട് കാർ മാറ്റിയിടുന്ന വിഷയവുമായി ബന്ധപ്പെട്ട് മോശമായ രീതിയിൽ കയർത്തു സംസാരിക്കുകയും, കൂടാതെ 26/02/2023 തീയതി രാവിലെ 10.30 മണിക്ക് കൊയിലാണ്ടി പോലീസ് സ്റ്റേഷൻറെ മുൻവശം വച്ച് ടിയാൻ പോലീസ് ജീപ്പിന്റെ ഡ്രൈവർ സീറ്റിൽ ഇരുന്ന് എസ്.ഐ ജയകുമാരി ടിയാന്റെ മേലുദ്യോഗസ്ഥയാണെന്ന പരിഗണനയോ, അർഹിക്കുന്ന ബഹുമാനമോ നൽകാതെ അവരുടെ ഭർത്താവിനെതിരെ സംസാരിക്കുകയും, ഭർത്താവിന് അടി കിട്ടുമെന്ന് പറയുകയും വഴി അച്ചടക്കസേനയിലെ ഉത്തരവാദിത്തപ്പെട്ട അംഗത്തിന് നിരക്കാത്ത വിധം പോലീസ് സേനയുടെ അന്തസ്സിനും സൽപേരിനും കളങ്കം വരുത്തുകയും, പൊതുസമൂഹത്തിന് മുന്നിൽ പോലീസ് സേനയ്ക്ക് അവമതിപ്പ് ഉണ്ടാക്കുന്ന രീതിയിൽ ഗുരുതരമായ അച്ചടക്കലംഘനവും, സ്വഭാവ ദൂഷ്യവും കാണിച്ചതായി ബോധ്യമായതിനാൽ സൂചന ഒന്ന് പ്രകാരം പോലീസ് ഇൻസ്പെക്ടർ, പെരുവണ്ണാമുഴി പി.എസ്സിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി കൊണ്ട് ടിയാനെതിരെ ഒരു വാക്കാലന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സൂചന 2 പ്രകാരം സമർപ്പിച്ച പി.ആർ മിനുറ്റ്സിന്റെ ഒരു പകർപ്പ് ടിയാന് സൂചന 3 പ്രകാരമുള്ള നോട്ടീസിനോടൊപ്പം നല്കിയിട്ടുള്ളതുമാണ്.

ശ്രീ.സുബ്രഹ്മണ്യൻ.എൻ എന്നവർക്കെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നതായി പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ വ്യക്തമാവുകയും, ആയതിനെതിരെ ടിയാൻ സൂചന 4 പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് യോജിച്ച് കൊണ്ട് ടിയാന്റെ മേൽ പ്രവർത്തിയ്ക്ക് ശിക്ഷയായി ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും, ടിയാന് സൂചന 5 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സൂചന 6 പ്രകാരം ടിയാൻ സമർപ്പിച്ച വിശദീകരണം

പരിശോധിച്ചുവെങ്കിലും ആയത് തൃപ്തികരമല്ല.

എന്നിരുന്നാലും ഇത്തവണ ടിയാനോട് മൃദു സമീപനം സ്വീകരിച്ച് കൊണ്ട് ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ എന്ന താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി, ശിക്ഷയായി **ശ്രീ.സുബ്രഹ്മണ്യൻ.എൻ (PEN 148160), ഗ്രേഡ് എ.എസ്.ഐ D 7203 എന്നവരുടെ അടുത്ത വാർഷിക വേതന വർദ്ധനവ് അടുത്ത ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞു വെച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം ടിയാന് ബഹു.കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്

02-03-2024
ഡോ അരവിന്ദ് സുകുമാർ ഐ പി എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.സുബ്രഹ്മണ്യൻ.എൻ (PEN 148160), ഗ്രേഡ് എ.എസ്.ഐ D 7203 എന്നവർക്ക് എസ്.എച്ച്.ഓ, പേരാമ്പ്ര പി.എസ് മുഖാന്തിരം

പകർപ്പ് :
1) എസ്.എച്ച്.ഓ പേരാമ്പ്ര പി.എസ് (3 പകർപ്പുകൾ )-നടത്തിപ്പിനും, തിയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും
2) അഡീഷണൽ എസ്.പി, എ.എ, മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, സി.എ എന്നിവരുടെ അറിവിലേക്കായി
3) എ1 മുതൽ എ5 B, ബി1 മുതൽ ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
4) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ